(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(ബി) 151 ബസ്സുകൾ.

(സി, ഡി) ഒരു റൂട്ടിലും സർവ്വീസുകൾ പൂർണ്ണമായി നിറുത്തേണ്ടി വന്നിട്ടില്ല. തിരുവനന്തപുരം സിറ്റി സർവ്വീസിൽ ഏതാനും ചില ട്രിപ്പുകൾ മാത്രമേ കുറക്കേണ്ടി വന്നിട്ടുള്ളൂ.

(ഈ) 3,53,266·11 രൂപ.

പബ്ലിക്കുസർവ്വീസ്സ് കമ്മീഷൻ.

✱ 775. [22] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ എത്ര മെമ്പറന്മാരുണ്ട്;

(ബി) മെമ്പറന്മാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(സി) ഇനിവരുന്ന ഒഴിവിൽ വല്ലസമുദായത്തിനും പ്രത്യേക പ്രാതിനിദ്ധ്യം കൊടുക്കുവാൻ ഗവണ്മെൻറിനു് ആലോചനയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ,)

(എ) ചെയർമാൻ ഉൾപ്പെടെ അഞ്ചു മെമ്പറന്മാരുണ്ട്.

(ബി) ഇല്ല.

(സി) ഒഴിവിൽ നിയമനം നടത്തേണ്ട കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

പോലീസ് വെരിഫിക്കേഷൻ.

✱ 776 [24] ശ്രീ. പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനം സംബന്ധിച്ചുള്ള പോലീസ് വെരിഫിക്കേഷൻ ഗവണ്മെൻറുടമയിലോ, ഗവണ്മെൻറിനു ഷെയറുള്ളതോ ആയ വ്യവസായസ്ഥാപനങ്ങളിലേക്കുള്ള ജോലികൾക്കു കൂടി ഇതു് ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഗവണ്മെൻറു് നടത്തുന്ന ടെയിനിംഗ് കോഴ്സുകൾക്ക് എടുക്കുന്ന ട്രെയിനികളുടെ കാര്യത്തിൽ ഇതു് ബാധകമാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു മുതൽ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) പൊതു താൽപര്യത്തെ മുൻനിറുത്തി ഈ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

(സി) ഗവണ്മെൻറു് സർവ്വീസിൽ നിയമിക്കപ്പെടാൻ വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന ട്രെയിനികൾക്ക് വെരിഫിക്കേഷൻ ബാധകമാക്കിയിട്ടുണ്ട്.

(ഡി) 4–9–1961–മുതൽ.

APPENDIX IV

LIBRARY ARCHIVES Kerala Legislative Assembly